"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.203/ഡി സി.1/2022/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്

തിരുവനന്തപുരം,

തീയതി: 02-08-2022

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- 14.01.2020-ലെ GO(Ms) No.14/2020/LSGD നമ്പർ ഉത്തരവ്.

**********************

തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സൂചന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മഴ ശക്തിപ്രാപിച്ചുവരുന്ന പശ്ചാത്തലത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ സൂചന ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പാക്കുന്നതോടൊപ്പം താഴെ പറയുന്ന നടപടികളും അടിയന്തരമായി സ്വീകരിക്കേണ്ടതാണ്

- മഴക്കെടുതി മൂലം ദുരിതം നേരിടുന്ന എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലും കൺട്രോൾ റൂം ആരംഭിക്കേണ്ടതും റെഡ്/ഓറഞ്ച് അലേർട്ട് പ്രഖ്യാപിക്കപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാരും പ്രസ്തുത അലേർട്ട് നിലനിൽക്കുന്ന കാലയളവിൽ നിർബന്ധമായും ഓഫീസ് പരിധിയിൽ ഉണ്ടായിരിക്കേണ്ടതുമാണ്.
- വെള്ളം പമ്പ് ചെയ്യാനുള്ള പമ്പുകളും അത്യാവശ്യ സന്ദർഭങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കേണ്ട ബോട്ടുകളും സജ്ജമാണ് എന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.കൂടാതെ ഏതെങ്കിലും തരത്തിലുള്ള മാർഗ്ഗതടസ്സങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത്തരത്തിലുള്ള മാർഗ്ഗ തടസ്സങ്ങൾ മാറ്റുന്നതിനു ആവശ്യമായ JCB മുതലായ സൗകര്യങ്ങൾ സജ്ജമാക്കേണ്ടതാണ്.
- വെള്ളപ്പൊക്കത്തെ തുടർന്ന് ജനങ്ങളെ ദുരിതാശ്വാസക്യാമ്പുകളിലേക്ക് മാറ്റാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ആയതിലേക്കായി മരുന്നുകൾ, വസ്തുങ്ങൾ, എന്നിവ ക്രമീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.
- മണ്ണിടിച്ചിൽ സാധ്യത ഉള്ള മേഖലയിൽ നിന്നും നിർബന്ധമായും ജനങ്ങളെ മാറ്റി പാർപ്പിക്കേണ്ടതാണ്.

- ദുരന്തനിവാരണവുമായി ബന്ധപ്പെട്ട എമർജൻസി റെസ്പോൺസ് ടീമിനെയും മറ്റ് സന്നദ്ധപ്രവർത്തകരെയും സജ്ജമാക്കിനിർത്തേണ്ടതാണ്.
- ദുരന്തനിവാരണപ്രവർത്തനവുമായി ബന്ധപ്പെട്ട ഇൻവെന്ററിയുടെ വിശദാംശങ്ങൾ (ആളുകളുടെയും ഉപകരണങ്ങളുടെയും വിവരങ്ങൾ ഫോൺ നമ്പറുകൾ സഹിതം) ഉടനടി അപ്ഡേറ്റ് ചെയ്യുകയും ബന്ധപ്പെട്ട കൺട്രോൾ റൂമുകൾക്ക് കൈമാറുകയും ചെയ്യേണ്ടതാണ്.
- ഉരുൾപൊട്ടൽ സാധ്യതയുള്ള ഇടങ്ങളിലെല്ലാം ആളുകളെ ഒഴിപ്പിക്കുകയും സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുകയും വേണം. ഇതിന്റെ ഭാഗമായി ശക്തമായ മുന്നറിയിപ്പുകൾ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ദുരന്ത നിവാരണ അതോറിറ്റി അതത് സമയങ്ങളിൽ നൽകുന്ന മുന്നറിയിപ്പുകൾ കൃത്യമായി പാലിക്കാൻ ജനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.
- അപകടമുന്നറിയിപ്പുള്ള വേളയിൽ നദികൾ, ജലാശയങ്ങൾ, തോടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ കുളിക്കാനോ, അലക്കാനോ, മൃഗങ്ങളെ കുളിപ്പിക്കാനോ ഇറങ്ങരുതെന്ന് കർശനനിർദ്ദേശം നൽകേണ്ടതാണ്.
- ദുരന്ത നിവാരണത്തിനായി തയ്യാറാക്കിയിട്ടുള്ള ഓറഞ്ച് പുസ്തകത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നിർവ്വഹിക്കേണ്ട ചുമതലയിന്മേൽ കൃത്യമായും സമയ ബന്ധിതമായും നടപടികൾ സ്വീകരിക്കേണ്ടതാണ്.
- എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ പാലങ്ങൾക്കും ബലക്ഷയം ഇല്ലാ എന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എൻജിനീയർ ഉറപ്പ വരുത്തേണ്ടതാണ്.
- നദികളിലെ അപകട നില തരണം ചെയ്യുന്നതുവരെ കടത്തു സംവിധാനം നിർത്തലാക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും എഞ്ചിനീയർമാരും അവശ്യം വേണ്ട ജീവനക്കാരും തങ്ങളുടെ ആസ്ഥാനത്ത് തയ്യാറായിരിക്കേണ്ടതാണ്.

SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

I/5374950/2022

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി.